ലേഖനം

ഡോ. എൻ.എ കരീം

# ഒബാമയുടെ മാറ്റത്തിന്റെ മാറ്റ് മങ്ങുന്നു



പ്രസിഡന്റിന്റെ 'അഫ്-പാക്' നയം ലക്ഷ്യബോധമില്ലാതെ പുതിയ ചളിക്കുണ്ടുകളിലേക്ക് അതിവേഗം വഴുതിവീണുകൊണ്ടിരിക്കുന്നു.

**'മാറ്റം'** എന്ന ഒരൊറ്റ മാന്ത്രിക വാക്കായിരുന്നു അമേരിക്കൻ പ്രസിഡന്റ് ബറാക് ഹുസൈൻ ഒബാമയുടെ പ്രസിഡന്റ് തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ മാത്രമല്ല ജീവിത തത്ത്വചിന്തയുടെ തന്നെ മൂലക്കല്ല്. മാറ്റം എന്ന സങ്കൽപത്തിനു പുതുമ ഒന്നുമില്ലെങ്കിലും അദ്ദേഹം വിഭാവനം ചെയ്തിരുന്ന മാറ്റത്തിനു വിപ്ലവാത്മകമായ ഒരു സാമൂഹിക മാനമുണ്ടായിരുന്നുവെന്നത് സത്യമാണ്. എന്തുകൊണ്ടെന്നാൽ അമേരിക്കയുടെ പഴയ അടിമത്ത സമ്പ്രദായവും കടുത്ത കറുത്ത വർഗവിദ്വേഷവും നിറഞ്ഞ ചരിത്രത്തിൽ ഒരു ആഫ്രോ-അമേരിക്കക്കാരനു പ്രസിഡന്റിന്റെ ഔദ്യോഗിക വസതിയായ വൈറ്റ് ഹൗസിൽ കുടിപാർക്കാൻ കഴിയുകയെന്നത് സാമൂഹികമായി വിപ്ലവകരമായ ഒരു മാറ്റം തന്നെയായിരുന്നു.

എന്നാൽ ഒബാമയുടെ 'മാറ്റം' എന്ന വാക്കിന്റെ അർഥതലങ്ങളിൽ ഒന്നു മാത്രമായിരുന്നു അത്. അതിനു മറ്റു രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക അർഥതലങ്ങളുമുണ്ടായിരുന്നു. അധികാരത്തിലേറിയതിനു ശേഷം ആദ്യത്തെ നൂറു ദിവസത്തിനുള്ളിൽ പ്രസിഡന്റ് ഒബാമയുടെ ഭരണകൂടം നടത്തിയ നയപരമായ നീക്കങ്ങൾ, പ്രത്യേകിച്ച് വിദേശ-യുദ്ധ നയങ്ങളുടെ രംഗത്ത് തെല്ലൊന്നു ആശാജനകമാണെങ്കിലും തികച്ചും പ്രതീക്ഷാ നിർഭരമായില്ല എന്ന അസംതൃപ്തി വ്യാപകമാവുകയാണ്.

ആഗോള വ്യാപകമായ ഒരു വൻ സാമ്പത്തിക പ്രതിസന്ധിക്കു പുറമെ അഫ്ഗാനിസ്താൻ, ഇറാഖ്, ഇറാൻ, ഫലസ്തീൻ, ഉത്തരകൊറിയ, ക്യൂബ, ആഫ്രിക്ക എന്നീ പ്രശ്നങ്ങളുടെ സങ്കീർണമാക്കപ്പെട്ട രൂപങ്ങളാണല്ലോ എട്ടു വർഷത്തെ ബുഷ് ഭരണം പുതിയ ഗവൺമെന്റിനു രാഷ്ട്രീയ പൈതൃകമായി നൽകി അധികാരമൊഴിഞ്ഞത്. ഇതിൽ ഇറാഖ് യുദ്ധം അവസാനിപ്പിക്കുന്നതിനു ഡമോക്രാറ്റിക് സ്ഥാനാർഥിയായിരുന്ന ഒബാമക്ക് ഏറക്കുറെ വ്യക്തമായ

നിലപാടുണ്ടായിരുന്നെങ്കിലും അഫ്ഗാനിസ്താനിലെ യുദ്ധത്തിന്റെ കാര്യത്തിലും മറ്റു ചില പ്രശ്നങ്ങളിലും സുതാര്യമായ നിലപാടുണ്ടായിരുന്നില്ല.

ഇറാഖിൽനിന്ന് കഴിയുന്നത്ര വേഗം തലയൂരി അഫ്ഗാനിസ്താനിൽ അമേരിക്കയുടെ മുഴുവൻ യുദ്ധശക്തിയും കേന്ദ്രീകരിക്കണമെന്നായിരുന്നു ഇരു രാജ്യങ്ങളിലും ഒരു മിന്നൽ സന്ദർശനം നടത്തിയ അന്നത്തെ പ്രസിഡൻഷ്യൽ സ്ഥാനാർഥിയായ ഒബാമയുടെ പ്രഖ്യാപിത നയം. എന്നാൽ അന്നുതന്നെ ആ നയത്തിന്റെ യുക്തിഭദ്രതയെ സംബന്ധിച്ച് സമാധാനപ്രേമികളുടെ മനസ്സിൽ കടുത്ത സംശയങ്ങളുണ്ടായിരുന്നു. അത് കൂടുതൽ ബലപ്പെടുത്തുന്ന വിധത്തിലാണ് ഒബാമാ ഭരണകൂടത്തിന്റെ നയപരിപാടികൾ.

പ്രസിഡന്റ് വിഭാവനം ചെയ്ത വിദേശ-യുദ്ധ നയങ്ങളുടെ മാറ്റത്തിനനുയോജ്യമായ അഴിച്ചുപണികൾ ഭരണ സംവിധാനത്തിലുണ്ടായില്ല എന്നത് പലരേയും സംശയാലുക്കളാക്കി. ബുഷ് ഭരണകൂടം വിട്ടേച്ചുപോയ രാജ്യരക്ഷാ - യുദ്ധനയങ്ങളുടെ തലപ്പത്ത് അതിന്റെ പഴയ നയവിധാതാക്കൾ തന്നെയാണ് ഇന്നും വാണരുളുന്നത് എന്നതുകൊണ്ടായിരിക്കാം അവിടെയൊന്നും പ്രകടമായ ഒരു മാറ്റവും ഇനിയും കാണാത്തത്. 'അഫ്-പാക്' നയമെന്ന പേരിൽ ഒബാമാ ഭരണകൂടം അവതരിപ്പിച്ച അഫ്ഗാൻ യുദ്ധനയം, നയതന്ത്ര മാർഗങ്ങളൊന്നും തുറക്കാതെ പാകിസ്താനിലെ ഇപ്പോഴത്തെ സർദാരി ഭരണകൂടത്തെ ആശ്രയിച്ച് താലിബാൻ-അൽഖാഇദ മുന്നേറ്റത്തെ ചെറുക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ഭീകരതക്കെതിരായ യുദ്ധത്തിന്റെ പേരിൽ സ്വന്തം പൗരന്മാരെ കൊന്നൊടുക്കുന്നതിനനുസരിച്ചാണ് അമേരിക്ക പാകിസ്താന് സാമ്പത്തിക, സൈനിക സഹായങ്ങൾ നൽകുന്നത്. അത്തരം കൂട്ടക്കൊലകളുടെ എണ്ണം കുറയുമ്പോൾ അമേരിക്കക്ക് അരിശം വരും. അതുകൊണ്ടാണ് ജനങ്ങൾക്ക് അടിസ്ഥാന വിദ്യാഭ്യാസ, ആരോഗ്യ സൗകര്യങ്ങൾ നൽകാത്ത സിവിൽ ഭരണത്തേക്കാൾ രാജ്യത്തിന്റെ ഭാവിയിൽ താൽപര്യമുള്ളത് അവിടത്തെ സൈനിക സംവിധാനത്തിനാണെന്ന് ഒബാമ പരസ്യമായി പ്രസ്താവന നടത്തിയത്. ഇത് പാകിസ്താനിൽ ശക്തമായ എതിർപ്പിന് ഇടയാക്കിയിട്ടുണ്ട്. മുൻകാലങ്ങളിലെന്നപോലെ ഒബാമാ ഭരണകൂടവും തെരഞ്ഞെടുക്കപ്പെട്ട സർദാരി ഗവൺമെന്റിനെ മാറ്റി ജനറൽ കയാനിയെ ആശ്രയിക്കാൻ പോവുകയാണെന്ന ധാരണ ബലപ്പെട്ടുവരികയാണ്. അതിന് മുമ്പ് ഇന്ന് പ്രതിപക്ഷ സ്ഥാനത്തുള്ള നവാസ് ഷരീഫിനെ ഒന്ന് പരീക്ഷിച്ചു നോക്കിയെന്നും വരാം.

ചില പാക് പത്രങ്ങൾ നിരീക്ഷിച്ചതു പോലെ, ദൗർബല്യം സിവിൽ ഭരണകൂടത്തിന്റേതിനേക്കാൾ ഒബാമയുടെ 'അഫ്-പാക്' നയത്തിന്റേതാണ്. അതിൽ മാറ്റത്തിന്റെ പുതിയ ഒരു ഘടകവുമില്ലെന്ന് മാത്രമല്ല, പഴയതിനേക്കാൾ പിന്തിരിപ്പനായ യുദ്ധമാത്ര പരിഹാരമെന്ന പഴയ പാതയിലേക്ക് വഴുതി വീണുകൊണ്ടിരിക്കുകയും ചെയ്യുന്നു.

അഫ്ഗാനിസ്താന്റെ കാര്യത്തിൽ മാത്രമല്ല, ഫലസ്ത്വീൻ പ്രശ്നത്തിലും ബുഷ് ഭരണകൂടത്തിന്റെ കണ്ണടച്ച് ഇസ്രയേലിനെ പിന്തുണക്കുകയെന്ന നയത്തിനപ്പുറം ഒന്നും ഒബാമാ ഭരണകൂടം ചെയ്യാൻ ശ്രമിച്ചിട്ടില്ല. ഫലസ്ത്വീൻ പ്രദേശങ്ങളായ പടിഞ്ഞാറെക്കരയിലും ജെറുസലേമിലും മറ്റും പുതിയ യഹൂദ കുടിയേറ്റക്കാർക്ക് കോളനികൾ സ്ഥാപിക്കുന്നതിനു വേണ്ടി ഫലസ്ത്വീനികളുടെ വീടുകൾ പൊളിച്ചുമാറ്റി അവരെ കൂടുതൽ വഴിയാധാരമാക്കുന്ന ഇസ്രയേലിന്റെ നയത്തിനെതിരെ ഐക്യരാഷ്ട്ര സംഘടനാ റിപ്പോർട്ട് ഈയിടെ രൂക്ഷമായ വിമർശനം ഉയർത്തുകയുണ്ടായി. അതിനോട് സ്റ്റേറ്റ് സെക്രട്ടറി ഹിലരി ക്ലിന്റൻ പ്രതികരിച്ചത്, 'ഇസ്രയേലിന്റെ ഇത്തരം നടപടികൾ സഹായകരമല്ല' എന്ന ഒരു തണുപ്പൻ വാക്യത്തിലൂടെയാണ്.

ഒബാമയുടെ വരവോടുകൂടി മാറ്റം അനിവാര്യമായിരുന്ന എല്ലാ രംഗങ്ങളിലും അർഥപൂർണമായ മാറ്റങ്ങളുണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്ന അമേരിക്കയിലെയും ലോകത്തെമ്പാടുമുള്ള സമാധാന പ്രേമികളുടെയും പ്രതീക്ഷകൾ വാടുകയാണ്. ഒബാമയുടെ സ്വന്തം കൈയൊപ്പുള്ള 'അഫ്-പാക്' നയം പ്രസിഡന്റിന്റെ നിയന്ത്രണത്തിൽനിന്ന് വിട്ട്, ബുഷ് കാലഘട്ടത്തിലെ ചില നയരൂപീകരണ കേന്ദ്രങ്ങളുടെ പിടിയിലായതുപോലെ തോന്നുന്നു. പാകിസ്താനിലെ സർദാരി ഭരണകൂടത്തിൽ ആശയക്കുഴപ്പം സൃഷ്ടിച്ച് അവരുടെ ആത്മവീര്യം നശിപ്പിക്കുന്ന ചില പ്രസ്താവനകളാണ് ഒബാമ അടുത്ത കാലത്ത് നടത്തിയത്.

പ്രസിഡന്റിന്റെ പ്രത്യേക നയതന്ത്ര പ്രതിനിധിയായി നിയമിക്കപ്പെട്ട റിച്ചാർഡ് ഹാൾ ബ്രൂക്കിന്റെ അധികാര പരിധിയെ സംബന്ധിച്ച് ചില സംശയങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അതിൽ അഫ്ഗാനിസ്താനും പാകിസ്താനും മാത്രമല്ല ഇന്ത്യയും ഉൾപ്പെടുമെന്നാണ് സ്റ്റേറ്റ് സെക്രട്ടറി ഹിലരി ക്ലിന്റൻ സെനറ്റിന്റെ വിദേശ ബന്ധകമ്മിറ്റിയിൽ ചെയ്ത പ്രസ്താവനയിൽ പറഞ്ഞത്. ഹാൾബ്രൂക് കാബൂളും ഇസ്‌ലാമാബാദും സന്ദർശിച്ചതോടൊപ്പം ദൽഹിയിൽ നാഷനൽ സെക്യൂരിറ്റി അഡ്വൈസർ നാരായണനുമായും സംസാരിക്കുകയുണ്ടായി. മാത്രമല്ല, അഫ്ഗാനിസ്താനിൽ ഇന്ത്യ ആ രാജ്യത്തിന്റെ വികസന രംഗങ്ങളിൽ വലിയ നിക്ഷേപങ്ങൾ വരുന്നുമുണ്ട്. ഇത് സ്വാഭാവികമായും പാകിസ്താന്റെ ആശങ്ക വളർത്തുകയാണ് ചെയ്യുന്നത്.

**'അഫ്-പാക്' നയമെന്ന പേരിൽ ഒബാമാ ഭരണകൂടം അവതരിപ്പിച്ച അഫ്ഗാൻ യുദ്ധനയം, നയതന്ത്ര മാർഗങ്ങളൊന്നും തുറക്കാതെ പാകിസ്താനിലെ ഇപ്പോഴത്തെ സർദാരി ഭരണകൂടത്തെ ആശ്രയിച്ച് താലിബാൻ അൽഖാഇദ മുന്നേറ്റത്തെ ചെറുക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.**

എന്നാൽ, ഇന്നിപ്പോൾ ഒബാമാ ഭരണകൂടം പാകിസ്താനെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുന്ന സത്യം, ഇന്ത്യയല്ല താലിബാനാണ് ഒരു സ്വതന്ത്ര രാഷ്ട്രമെന്ന നിലയിൽ പാകിസ്താന്റെ നിലനിൽപിനു ഏറ്റവും വലിയ ഭീഷണി എന്നതാണ്. ഈ സത്യം സർദാരിയുടെ സിവിൽ ഭരണകൂടത്തിനും ഏറക്കുറെ അവിടത്തെ സൈന്യത്തിനും അറിയാമെങ്കിലും കഴിഞ്ഞ ഏഴു പതിറ്റാണ്ട് കാലം പാകിസ്താനിലെ സിവിൽ, സൈനിക ഭരണകൂടങ്ങൾ ജനങ്ങളിൽ കുത്തിവെച്ച ഇന്ത്യാ വിരുദ്ധ മനോഭാവത്തിന് പെട്ടെന്ന് ഉൾക്കൊള്ളാൻ കഴിയുന്ന ഒരു കാര്യമല്ല. ഇന്ത്യാ-പാക് അതിർത്തി കേന്ദ്രീകരിച്ചുള്ള പാകിസ്താന്റെ സൈനികശക്തി അവിടെനിന്ന് പിൻവലിച്ച് പാക്-അഫ്ഗാൻ അതിർത്തിയിലെ താലിബാൻ മുന്നേറ്റത്തെ തടയുന്നതിന് പൂർണമായും ഉപയോ

ഗിക്കണമെന്നാണ് അമേരിക്കയുടെ ആഗ്രഹം. അതിനവർ സർദാരി സർക്കാറിൽ ശക്തമായ സമ്മർദം ചെലുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ബുഷിന്റെ അഫ്ഗാനിസ്താൻ യുദ്ധനയം 'അഫ്-പാക്' നയമാക്കി മാറ്റി കൂടുതൽ സങ്കീർണമാക്കിയെന്നതൊഴിച്ചാൽ ഈ മാറ്റം പ്രശ്നത്തിന് പരിഹാരമാകുമെന്ന് തോന്നുന്നില്ല. സ്വാതിനെ സംബന്ധിച്ച് താലിബാനും പാകിസ്താനുമായുണ്ടാക്കിയ പരിമിതമായ ഒത്തുതീർപ്പ് അമേരിക്കയുടെ മനസ്സിൽ തീ സൃഷ്ടിക്കാൻ സഹായിച്ചുവെന്നല്ലാതെ താലിബാനെ കൊണ്ട് ആ പ്രദേശത്ത് ആയുധം അടിയറ വെപ്പിക്കാൻ സഹായകമായിട്ടില്ല. താലിബാൻ പക്ഷത്തെ തീവ്രവാദികളല്ലാത്തവരെ കൂട്ടുപിടിച്ച് പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കണമെന്ന അഭിപ്രായം നേരത്തേതന്നെ അമേരിക്കൻ ഭരണകൂടത്തിലെ ഒരു വിഭാഗത്തിനുണ്ടായിരുന്നു. എന്നാൽ താലിബാനിൽ നല്ലതും ചീത്തയും എങ്ങനെയാണ് വേർതിരിക്കുകയെന്ന പ്രായോഗിക പ്രശ്നത്തിന്മേൽ അത് വഴിമുട്ടി നിൽക്കുകയാണ്. ഈ ഭൂപ്രദേശത്തെ രാഷ്ട്രീയം ഇത്രക്ക് പ്രശ്നജടിലവും പരിഹാരം കാണാൻ കഴിയാത്തതുമാക്കി മാറ്റിയത് അമേരിക്കയുടെ സങ്കുചിത 'സുരക്ഷാ' താൽപര്യങ്ങളാണ്. ലാറ്റിൻ അമേരിക്കയായാലും പശ്ചിമേഷ്യയായാലും ഒബാമാ ഭരണകൂടത്തിന് പരിഹാരം കാണേണ്ട എല്ലാ പ്രശ്നങ്ങളും അമേരിക്കയുടെ കഴിഞ്ഞകാല പാപഭാരങ്ങൾ പേറുന്നവയാണ്.

ലാറ്റിൻ അമേരിക്കയിലെ മാറിയ യാഥാർഥ്യങ്ങൾ അവയുടെ മുഴുവൻ അന്തഃസത്തയോടുംകൂടി അംഗീകരിക്കാൻ ഒബാമ സന്നദ്ധനാവുമോ? ഇല്ല എന്നാണ് അദ്ദേഹത്തിന്റെ ആ മേഖലയിലേക്കുള്ള പര്യടനം നൽകുന്ന സൂചന. അതിനേക്കാൾ സങ്കീർണമായ പശ്ചിമേഷ്യാ പ്രശ്നത്തിന്റെ മൂലക്കല്ലായ ഫലസ്ത്വീൻ പ്രശ്നത്തിന് ഐക്യരാഷ്ട്ര സംഘടനയുടെയും സെക്രട്ടറി ജനറൽ ബാൻ കി മൂണിന്റെയും മിതമായ നിലപാട് വരെ സഞ്ചരിക്കാൻ പോലും ഒബാമാ ഭരണകൂടം തയാറാവുകയില്ല എന്നതിന്റെ തെളിവാണ്, ഫലസ്ത്വീനികളുടെ വളരെയധികം വഷളായിക്കൊണ്ടിരിക്കുന്ന പാർപ്പിട പ്രശ്നത്തെയും മറ്റും സംബന്ധിച്ച ഐക്യരാഷ്ട്ര സംഘടനയുടെ റിപ്പോർട്ടിനോടുള്ള ഹിലരി ക്ലിന്റന്റെ പ്രതികരണം.

അർഥപൂർണമായ മാറ്റത്തിന് തുറന്നു കിടക്കുന്ന എല്ലാ മാർഗങ്ങളിലും അതിന്റെ ശത്രുക്കളെ പ്രതിഷ്ഠിച്ച്, 'മാറ്റം' എന്ന മന്ത്രം ഉരുവിട്ടതു കൊണ്ടു മാത്രം ഒന്നും സംഭവിക്കുകയില്ല. അതാണ് ഷേക്സ്പിയറുടെ ദുരന്തനായകന്മാരായ ഹാംലെറ്റിനെയും ലിയർ രാജാവിനെയും മെക്ബത്തിനെയും പോലെ ഒബാമയുടെയും ദുർവിധിയാവാൻ പോകുന്നത്.

യുദ്ധത്തടവുകാരെ ക്രൂരമായി പീഡിപ്പിക്കുന്ന ഗ്വാണ്ടനാമോ രീതി, ആരോഗ്യ ഇൻഷുറൻസ്, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ കാര്യങ്ങളിൽ ചില മാറ്റങ്ങളുണ്ടാവുമെന്നത് ശരിയാണ്. അത്തരം ചെറിയ മാറ്റങ്ങൾക്കു വേണ്ടി മാത്രമാണോ ഇത്ര വലിയ ഒരു ഭരണമാറ്റത്തിനു വേണ്ടി അമേരിക്കയിലെ വോട്ടർമാർ വോട്ടു ചെയ്തതും ലോകമെങ്ങുമുള്ള സമാധാന പ്രേമികൾ പ്രാർഥിച്ചതും?! ■